## ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം
## (ഹാജർ: ശ്രീ. എം.സി.മോഹൻദാസ് ഐ.എഎസ്.)

നം. ഇ9-1168/2011(2). തീയതി:04/03/2011.

വിഷയം:- കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടും ചട്ടങ്ങളും – ഇടുക്കി ജില്ലയിൽ മണൽ വാരി വിതരണം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:
1) ഉപ്പുതറ ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ 08.02.2011–ലെ എ6-703/11 നമ്പർ കത്ത്.
2) കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/02/11–ലെ എ3–12523/10 നമ്പർ കത്ത്.
3) അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/02/11–ലെ ബി2–395/08/09 നമ്പർ കത്ത്.
4) വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/02/11–ലെ എ2–661/11 നമ്പർ കത്ത്.
5) 23/02/2011 –ലെ ജില്ലാ തല വിദഗ്ദ്ധസമിതി യോഗ തീരുമാനങ്ങൾ..

*****

സൂചന പ്രകാരം 2001 –ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടും ചട്ടങ്ങളും അനുസരിച്ച് കടവു കമ്മിറ്റികളുടെ വിവരങ്ങൾ അറിയിച്ചിട്ടു. ടി കടവുകളിൽ മണൽ ഖനനവും വിതരണവും നടത്തുന്നതിന് തഹസിൽദാരുടെ അനുമതിയോടുകൂടി പൂർണ്ണമായും കടവു കമ്മിറ്റികളുടെ മേൽനോട്ടത്തിൽ അംഗീകൃത തൊഴിലാളികളെകൊണ്ട് മണൽ വാരി വ്യക്തികൾക്ക് വിതരണം ചെയ്യുന്നതിന് ഇതൊടൊപ്പമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയോടെ ഇതിനാൽ ഉത്തരവാകുന്നു.

| | പഞ്ചായത്തിന്റെ പേര് | താലൂക്ക് | കടവിന്റെ പേര് | പ്രതിദിന ലോഡുകളുടെ അളവ് |
|---|---|---|---|---|
| 1 | ഉപ്പുതറ | പീരുമേട്. | അമ്പലക്കടവ് | 7 $^1/_2$ ലോഡ് |
| | | | കരുന്തരുവി ഫാക്ടറി കടവ് (ന്യൂ കടവ് 1) | 5 ലോഡ് |
| | | | ന്യൂ കടവ് 2 | 3 ലോഡ് |
| | | | തപസി കടവ്. | 2 ലോഡ് |
| 2 | കൊന്നത്തടി | ഉടുമ്പഞ്ചോല | മുണ്ടക്കൽ കടവ്<br>മണലേൽ കടവ് | 6 ലോഡ്<br>2 ലോഡ് |

| | | | | |
|---|---|---|---|---|
| 3 | അയ്യപ്പൻകോവിൽ | ഉടുമ്പഞ്ചോല | മാളിയേക്കൽ കടവ്<br>മരുതുംപേട്ട കടവ്<br>വള്ളക്കടവ് കടവ്<br>പോസ്റ്റോഫീസ് കടവ്<br>അയ്യപ്പൻകോവിൽ(മാർക്കറ്റ്) കടവ് | 6 ലോഡ്<br>3 ലോഡ്<br>4 ലോഡ്<br>3 ലോഡ്<br>4 ലോഡ് |
| 4 | വാത്തിക്കുടി | ഉടുമ്പഞ്ചോല | പാറേക്കുടി<br>വെളുത്തേടത്ത് പടി<br>കല്ലുവെട്ടാംപടി<br>കോനാട്ട്പടി<br>കാവുങ്കൽ പടി | 2 ലോഡ്<br>2 ലോഡ്<br>3 ലോഡ്<br>3 ലോഡ്<br>2 ലോഡ് |

**നിർദ്ദേശങ്ങൾ.**

1. മണൽവില 1 ലോഡിന് ( 5 m3) 1000/- രൂപയും വില്പന നികുതിയും, തൊഴിലാളികൾക്കുള്ള കൂലിയും ഉൾപ്പെടുന്നതായിരിക്കും.
2. കടവു കമ്മിറ്റികൾ , പൊതുജനങ്ങളുടെ അഭിപ്രായം മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ആയത് പരിശോധിച്ച് ഗുണപരമായ തീരുമാനങ്ങൾ തഹസിൽദാർമാർ എടുക്കേണ്ടതും ഓരോ മാസവും കടവു കമ്മിറ്റികൾ ചേരേണ്ടതുമാണ്
3. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കേതും ഐഡന്റിറ്റി കാർഡ് ഇല്ലാത്ത തൊഴിലാളികളെ മണൽവാരാൻ അനുവദിക്കുന്നതുമല്ല.
4. വാഹനങ്ങൾ യാതൊരു കാരണവശാലും കടവിലിറക്കാൻ പാടില്ല.
5. അനുവദിക്കപ്പെട്ട അളവിൽ കൂടുതൽ മണൽ ലോറിയിൽ കയറ്റാൻ പാടുള്ളതല്ല. രാവിലെ 7 മണി മുതൽ വൈകുന്നേം 4 മണിവരെ മാത്രമേ മണൽ വാരാൻ അനുവദിക്കുകയുള്ളു.
6. കടവുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ലേബർ കാർഡ് നിർബന്ധമാണ്.

7. പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത വള്ളങ്ങൾ മാത്രമേ മണൽവാരൽ നടത്താവു.

8. മണൽ വിതരണം ചെയ്യുന്നതിനുള്ള അപേക്ഷകൾ നിശ്ചിത മാതൃക യിൽ തയ്യാറാക്കി അക്ഷയകേന്ദ്രങ്ങൾ/താലൂക്കാഫീസ്/വില്ലേജാഫീസ് എന്നിവിടങ്ങളിൽ നിശ്ചിത അപേക്ഷാ ഫീസ് ഈടാക്കി സ്വികരിക്കുന്നതാണ്.

9. നിശ്ചിത തീയതിയ്ക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ (SAND) സോഫ്റ്റ് വെയറിൽ സീനിയോരിറ്റി ലിസ്റ്റാക്കി വില്ലേജ്, താലൂക്ക്, പ ഞ്ചായത്ത്, അക്ഷയകേന്ദ്രം എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. സീനിയോരിറ്റി അനുസരിച്ച് അപേക്ഷകൾക്ക് അറിയിപ്പ് നല്കുകകയും

അറിയിപ്പ് ലഭിച്ച അപേക്ഷകർ മണലിന്റെ വിലയിൽ 1000 രൂപയും നികു തിയും തഹസിൽദാർക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയി നല്കേ ണ്ട തും തഹ സിൽദാർ പാസ് വിതരണം ചെയ്യേണ്ടതുമാണ്. ബാക്കി ചെലവു കൾക്കുള്ള തുക പഞ്ചായത്തിൽ അടയ്ക്കേണ്ടതുമാണ്.

10. മണൽ കൊ ണ്ടു പോകുന്ന ലോറിയുടെ രജിസ്റ്റർ നമ്പർ പാസിൽ രേഖ പ്പെടുത്തേണ്ടതിനാൽ പാസ് വാങ്ങുന്ന സമയത്ത് വാഹനത്തിന്റെ രജി. നമ്പർ നല്കേ ണ്ട താണ്.

11. മണൽകൊ ണ്ടു പോകാൻ നല്കുന്ന പാസിൽ സെല്ലോടേപ്പ് ഒട്ടിച്ച് തീയതി, സമയം വണ്ടി നമ്പർ മുതലായവ കവർ ചെയ്യണം.

12. പഞ്ചായത്തുകളിൽ നിന്ന് കടവ് സൂപ്പർവൈസർമാരെ നിയമിക്കണം. വില്ലേജിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനേയും കടവിൽ നിയമിക്കേ ണ്ട താണ്.

13. ചെറുകിടജലസേചന വകുപ്പിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർമാരെ കടവ് നിരീക്ഷിക്കാൻ നിയോഗിക്കുന്നതാണ്. ഇതിനുള്ള നടപടികൾ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിക്കേ ണ്ട താണ്.

14. ഉപഭോക്താക്കൾ സ്വന്തം നിലയിൽ മണൽ കൊ ണ്ടു പോകുന്നതിന് വാഹനങ്ങൾ കൊ ണ്ടു വരേ ണ്ട തും ഈ വഹനങ്ങളുടെ നമ്പർ പ ാസിലും കടവ് രജിസ്റ്ററിലും ചേർക്കണം.

15. പാസ് എഴുതുന്നത് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചായിരിക്കണം.

16. ഒരാൾക്ക് 3 ലോഡ് മണലിൽ കൂടുതൽ അനുവദിക്കുന്നതല്ല. ഒരാൾ ഒരിക്കലപേക്ഷിച്ച ശേഷം 3 മാസത്തിനുശേഷം മാത്രമേ അടുത്ത അപേക്ഷ നല്കാവു.

17. തഹസിൽദാർ അനുവദിക്കുന്ന പാസ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. വൈകിട്ട് 4 മണിക്ക് മുമ്പായി മണൽ കടവിൽ നിന്നും കൊുപോകേ ണ്ട താണ്.

നിശ്ചിത നടപടിക്രമങ്ങൾക്കുശേഷം മണൽവാരൽ തുടങ്ങുന്നതിനുള്ള തീയതി തഹസിൽദാർ പ്രഖ്യാപിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന കടവുകൾ ശ്രദ്ധയിൽപെട്ടാൽ മറ്റൊരു ഉത്തരവ് കൂടാതെ പ്രസ്തുത കടവ് അടച്ചുപൂട്ടുന്നതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ്:

1) ജില്ലാ പോലീസ് സൂപ്രണ്ട്.
2) റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
3) തഹസിൽദാർ, പീരുമേട്/ ഉടുമ്പൻചോല.
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
5) സെക്രട്ടറി/ വില്ലേജ് ആഫീസർ, ഉപ്പുതറ/കൊന്നത്തടി/ അയ്യപ്പൻകോവിൽ, വാത്തിക്കുടി.
6) ജിയോളജിസ്റ്റ്, ഇടുക്കി, തൊടുപുഴ.
7) ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, ഇടുക്കി
8) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രചാരണത്തിന്)
9) കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

ജൂനിയർ സൂപ്രണ്ട്.